ICDS-B3

09 SEP 2013

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് -വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം പ്രകാരം അനുവദിച്ച അരിയിൽ അധികമുള്ളത് അംഗൻവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം. 438/2013/സാനീവ തീയതി, തിരുവനന്തപുരം ,30.8.2013.

---

പരാമർശം :
1. 30.7.2010 ലെ സ.ഉ(സാധാ) നം. 335/2010/സാക്ഷേവ.
2. 23.7.2013 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്-ബി3-13336/13 നംപർ കത്ത്.

029916

<u>ഉത്തരവ്</u>

2012-13 സാമ്പത്തിക വർഷത്തിലെ വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം പദ്ധതി പ്രകാരം അനുവദിച്ച അരി കൃത്യസമയത്ത് അംഗൻവാടികളിൽ ലഭ്യമാകാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം അരി വാങ്ങി വിതരണം ചെയ്തിരുന്നുവെന്നും തുടർന്ന് വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം പ്രകാരം അരി ലഭ്യമായപ്പോൾ ചില അംഗൻവാടികളിൽ അരിയുടെ അളവ് കൂടുതൽ ആയി എന്നും കൂടുതൽ കാലം ഇരുന്നാൽ അരി കേടു വരാൻ സാധ്യതയുണ്ടെന്നും ഈ സാഹചര്യത്തിൽ 2013 ആഗസ്റ്റ് 31 വരെ ആവശ്യമായ അരി അംഗൻവാടികളിൽ സൂക്ഷിച്ച് ബാക്കി ഉള്ളത് 5 കി. ഗ്രാമിൽ നിജപ്പെടുത്തി അംഗൻവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി വിതരണം ചെയ്യുന്നതിന് സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിൽ അംഗൻവാടികളിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന അരിയിൽ, 2013 ആഗസ്റ്റ് 31 വരെ ആവശ്യമായ അരി സൂക്ഷിച്ച് ശേഷം ബാക്കി വരുന്ന അരി, 5 കി. ഗ്രാമിൽ നിജപ്പെടുത്തി അംഗൻവാടി പ്രീ- സ്കൂൾ കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഗോവിന്ദൻ നമ്പൂതിരി വി.എസ്
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്കവകുപ്പ്
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം: ICDS/B3 - 13336/13 തീയതി: 12-09-2013.

സൂചന ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി അയയ്ക്കുന്നു.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

Philomina. K
12/9/13
For സാമൂഹ്യനീതി ഡയറക്ടർ